# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1846.** **16.02.2016 ന് മറുപടിയ്ക്ക്**

## സെസ്സ് ഇനത്തിൽ സമാഹരിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബാബു എം. പാലിശ്ശേരി :** | **ശ്രീ. ഉമ്മൻചാണ്ടി (ബഹു: മുഖ്യമന്ത്രി)** |
| (എ) മദ്യവ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ സെസ്സ് ഇനത്തിൽ വിദേശമദ്യ വില്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക എത്രയാണ്; | (എ) 11.10.2014 മുതൽ മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ സർക്കാർ 5% പുനരധിവാസ സെസ്സ് ഏർപ്പെടുത്തി . "പുനർജനി 2030" എന്ന പേരിൽ രൂപം കൊടുത്ത പദ്ധതിയ്ക്കായാണ് മേൽ സെസ്സ് ഏർപ്പെടുത്തിയത്. ഈ ഇനത്തിൽ 2015 ഡിസംബർ വരെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സമാഹരിച്ച തുക 342.58 കോടി രൂപയാണ്. പുനർജനി എന്ന പദ്ധതിയിൽ ജോലി നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസവും ഉൾപ്പെടും. |
| (ബി) ഇതിൽ എത്ര തുക പുനരധിവാസത്തിനായി ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ? | (ബി) 4.9.2014 തീയതിയിലെ ജി.ഒ.(ആർ.റ്റി)723/14/നി.വ. നമ്പർ ഉത്തരവ് പ്രകാരം അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 287 തൊഴിലാളികൾക്കും എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5564 തൊഴിലാളികൾക്കും 5000/-രൂപ വീതം ഇടക്കാലാശ്വാസമായി മൊത്തം 2,92,55,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 20.12.2014 തീയതിയിലെ ജി.ഒ.(എം.എസ്) 206/2014/നി.വ. നമ്പർ ഉത്തരവ് പ്രകാരം അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 289 തൊഴിലാളികൾക്കും, എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5520 തൊഴിലാളികൾക്കും 10,000/- രൂപ വീതം രണ്ടാം ഘട്ടം ഇടക്കാലാശ്വാസമായി മൊത്തം 5,80,90,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ആത്മഹത്യചെയ്ത മൂന്ന് തൊഴിലാളികളുടെ ആശ്രിതർക്ക് രണ്ടുലക്ഷം രൂപാ വീതവും വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**